: ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ :

01: വിവിധ ലോൺ ആവശ്യങ്ങൾ, സർക്കാർ ആഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, മറ്റു ഗവൺമെന്റ് സ്ഥാപനങ്ങൾക്കും വിവിധ പദ്ധതികൾക്കായി സ്ഥലം വാങ്ങുക എന്നീ ആവശ്യങ്ങൾക്കാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിവരുന്നത്.

02: ഗവൺമെന്റ് ഉത്തരവ് 136/07/കൈയ്യെഴുത്ത്/ആർ.ഡി. നമ്പർ ഉത്തരവ് തിയതി: 27.04.2007 പ്രകാരം വാല്യുവേഷൻ സർട്ടിഫിക്കറ്റ് 5 ലക്ഷം വരെയുള്ളത് വില്ലേജ് ഓഫീസർക്കും, 5 ലക്ഷത്തിനുമുകളിൽ തഹസിൽദാർക്കും അനുവദിക്കാവുന്നതാണ്.

03: ഓരോ വ്യക്തികളുടെ അപേക്ഷയിന്മേൽ ലാന്റ് വാല്യു സർട്ടിഫിക്കറ്റ് അനുവദിക്കുന്നതല്ല. ലോൺ ആവശ്യങ്ങൾക്കും മറ്റുമായി വിവിധ കോർപ്പറേഷനുകളിലോ, സൊസൈറ്റികളിലോ അപേക്ഷ നൽകി, ടി സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം ലാന്റ് വാല്യു സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്.

04: അപേക്ഷാവസ്തുവിന് 5 കി.മീ. ചുറ്റളവിലുള്ളതും, അപേക്ഷാ തിയതിക്കു താഴേക്ക് 3 വർഷത്തിനുള്ളിലുള്ള സമാന ഭൂമികളുടെ ആധാരങ്ങളാണ് വില നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടത്. അതിൽ അപേക്ഷാവസ്തുവിനോട് ഏറ്റവും സമാനമായതും, തുല്യപ്രാധാന്യമുള്ളതുമായ ആധാരം അടിസ്ഥാനമായി എടുക്കേണ്ടതാണ്. ലാന്റ് വാല്യു റിപ്പോർട്ടിനോടൊപ്പം അപേക്ഷാവസ്തുവിനെക്കുറിച്ച് തയ്യാറാക്കിയ മഹസ്സർ, അപേക്ഷാവസ്തു, അടിസ്ഥാന ഭൂമി, എന്നിവയുടെ ആധാരപകർപ്പുകൾ, ബി.ടി.ആർ. പകർപ്പ്, ലൊക്കേഷൻ സ്കെച്ച് എന്നിവ തഹസിൽദാർ സമർപ്പിക്കേണ്ടതാണ്.

05: കേസ്സിൽ ഉൾപ്പെട്ടതും, പണയപ്പെടുത്തിയിട്ടുള്ളതും, റവന്യൂ റിക്കവറി, ജപ്തി എന്നീ നടപടികളിൽ ഉള്ളതുമായ സ്ഥലങ്ങൾക്കു ലാന്റ് വാല്യു സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതല്ല.